**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1719** **02-02-2024 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയുടെ വികസനത്തിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയുടെ വികസനത്തിനായി സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | **കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന 2023-24 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളും വകയിരുത്തിയിട്ടുള്ള തുകയും സംബന്ധിച്ച വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു.**<br><br>**കാർഷിക അടിസ്ഥാന സൗകര്യ വികസനവും പാരിസ്ഥിതിക പുനരുജ്ജീവനവും ലക്ഷ്യമിട്ടുകൊണ്ട് നീർത്തടാടിസ്ഥാനത്തിൽ വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നു. 2023-24 സാമ്പത്തിക വർഷം വകുപ്പിന് ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ 3916 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ മണ്ണ് സംരക്ഷണ വിഭാഗം മുഖേന 3565 ലക്ഷം രൂപയുടെ 9 പദ്ധതികളും മണ്ണ് പര്യവേക്ഷണ വിഭാഗം മുഖേന 351 ലക്ഷം രൂപയുടെ 5 പദ്ധതികളും നടപ്പിലാക്കി വരുന്നു. മണ്ണ് സംരക്ഷണ വിഭാഗം മുഖേന കാർഷിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡ് ധനസഹായത്തോടുകൂടിയുള്ള RIDF പദ്ധതി, ശുദ്ധ ജല സംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണുജല സംരക്ഷണം, മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതി, സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസനം, ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവനം, വിവിരസാങ്കേതിക വിദ്യയുടെ ഉപയോഗം, തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ സമഗ്ര നീർത്തട വികസന പദ്ധതി (NIDA) എന്നിവയും പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചും നീർത്തടാധിഷ്ഠിത വികസനത്തെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിന് വകുപ്പിന്റെ പരിശീലന കേന്ദ്രമായ IWDM-K ചടയമംഗലം മുഖേന പരിശീലന പരിപാടികളും നടപ്പിലാക്കുന്നു. മണ്ണ് പര്യവേക്ഷണ വിഭാഗം മുഖേന** |

| | | | |
|---|---|---|---|
| | | | **ലബോറട്ടറീസ്, മണ്ണ് പര്യവേക്ഷണ ഉദ്യോഗസ്ഥർക്ക് പരിശീലനം, സോയിൽ ഇൻഫർമാറ്റിക്സ് & പബ്ലിക്കേഷൻ സെൽ, സോയിൽ മ്യൂസിയം, ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച ഡാറ്റാ ബാങ്ക് സൃഷ്ടിക്കൽ എന്നിവയും നടപ്പിലാക്കുന്നു. കൂടാതെ കേരള പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ, ഇടുക്കി, വയനാട്, ആലപ്പുഴ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി 60.94 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.**<br><br>**കാർഷിക മേഖലയുടെ വികസനത്തിനായി സംസ്ഥാനത്തെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന വികസന പ്രവൃത്തികൾ സർക്കാരിന്റെ ആർ.ഐ.ഡി.എഫ്, ആർ.കെ.വി.വൈ, പി.എം.കെ.എസ്.വൈ, ആർ,കെ.ഐ. എന്നീ സ്കീമുകൾ മുഖാന്തിരം നടപ്പിലാക്കി വരുന്നു. കൂടാതെ അഗ്രികൾച്ചർ ഫാമുകളുടെ നവീകരണം, 3 ടിഷ്യൂകൾച്ചർ ലാബുകളുടെ നിർമ്മാണം, തൃശ്ശൂർ മണ്ണുത്തിയിലെ സ്റ്റേറ്റ് ബയോ കൺട്രോൾ ലാബിന്റെ നിർമ്മാണം, പഴം പച്ചക്കറി സംഭരണത്തിനും സംരക്ഷണത്തിനുമായി പാക്ക് ഹൗസ് നിർമ്മാണം/ വിതരണം, എക്കോഷോപ്പ് നിർമ്മാണം എന്നിവ കെ.എൽ.ഡി.സി മുഖേന നടപ്പിലാക്കി വരുന്നു.** |
| (ബി) | പാറശ്ശാല മണ്ഡലത്തിൽ കാർഷിക മേഖലയുടെ വികസനത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയെന്നും ആയതിലേക്കായി വകയിരുത്തിയ തുക എത്രയാണെന്നും അവയുടെ ഇന്നത്തെ അവസ്ഥ എന്തെന്നും വിശദമാക്കുമോ; | (ബി) | **കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ** വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>1) ആർ.ഐ.ഡി.എഫ് XXVI പദ്ധതിയിൽ ഉൾപ്പെടുത്തി പാറശ്ശാല മണ്ഡലത്തിലെ കൊല്ലയിലെ പഞ്ചായത്തിലെ ആരിരവേലി കളത്തിന്റെ നിർമ്മാണം വകയിരുത്തിയ തുക 40.647 ലക്ഷം പ്രവൃത്തി പൂർത്തീകരിച്ചു.<br><br>2) പി.എസ്.കെ.എസ്. വൈ - തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ പഞ്ചായത്തിലെ വെന്റഡ് ക്രോസ്ബാറിന്റെയും റീട്ടെയിനിംഗ് വാളിന്റെയും നിർമ്മാണം വകയിരുത്തിയ തുക-36 ലക്ഷം. പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. |
| (സി) | മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. എന്നീ പദ്ധതികളിൽ | (സി) | മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ പാറശ്ശാല നിയോജക മണ്ഡലത്തിൽ കാർഷിക മേഖലയുടെ വികസനത്തിനായി മണ്ണ് പര്യവേഷണ മണ്ണ് |

| | | | |
|---|---|---|---|
| | ഉൾപ്പെടുത്തി കൃഷി വകുപ്പ് ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്നും അവയുടെ ഇന്നത്തെ അവസ്ഥ എന്തെന്നും വ്യക്തമാക്കാമോ? | | സംരക്ഷണ വകുപ്പ് മുഖേന നബാർഡ് സാമ്പത്തിക സഹായത്തോടെയുള്ള RIDF പദ്ധതിയുടെ XXI മുതൽ XXV വരെയുള്ള ഘട്ടങ്ങളിൽ ഉൾപ്പെടുത്തി 3 പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കി. ഇതിൽ 2 പദ്ധതികൾ പൂർത്തീകരിക്കുകയും 1 പദ്ധതി തുടർന്ന് വരികയും ചെയ്യുന്നു. വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു.<br><br>കൂടാതെ ആർ.കെ.വി.വൈ പ്രകാരം, 2015-16 കാലഘട്ടത്തിൽ കൊല്ലയിൽ പഞ്ചായത്തിലെ ദേവേശ്വരം കുളം, പറമ്പിക്കുളം എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികളും അക്കവിളാകം ഏലായുടെയും ചിറയ്ക്കൽ ഐക്കര ഏലായുടെയും നവീകരണ പ്രവൃത്തകൾ അനുവദിച്ചിരുന്നു. പ്രസ്തുത പ്രവൃത്തികൾ മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ പൂർത്തീകരിച്ചു. |

സെക്ഷൻ ഓഫീസർ

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന 2023-24 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളും വകയിരുത്തിട്ടുള്ള തുകയും രേഖപ്പെടുത്തിയ പട്ടിക കണ്ടാലും .

**സംസ്ഥാന പദ്ധതികൾ :**

| ക്രമ നമ്പർ | സ്കീമിന്റെ പേര് | ബഡ്ജറ്റിൽ അനുവദിച്ച തുക (ലക്ഷം രൂപയിൽ ) | പദ്ധതി വിവരം |
|---|---|---|---|
| 1 | കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനം | | |
| a | പ്രീ-പ്രൊഡക്ഷൻ സപ്പോർട്ട് ഉൾപ്പെടെയുള്ള ഫാം പ്ലാൻ അടിസ്ഥാനമാക്കിയുള്ള പ്രൊഡക്ഷൻ പ്രോഗ്രാം | 1200.00 | ഒരോ കർഷകന്റെയും കൃഷിയിടം മണ്ണ്, ജലം, മൂലധനം, മറ്റ് വിഭവസ്രോതസ്സുകൾ, സംയോജിപ്പിക്കാവുന്ന സംരംഭങ്ങൾ, ജൈവ പുന:ചംക്രമണം (Bio- recycling) ഉൽപന്ന വൈവിധ്യവൽക്കരണവും മൂല്യവർദ്ധനവും ഉൾപ്പെടെ എല്ലാ സാധ്യമായ ഘടകങ്ങളേയും യോജിപ്പിച്ച് പരമാവധി ഉൽപ്പാദനം സാധ്യമാക്കുന്ന തരത്തിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ. |
| b | പ്രൊഡക്ഷൻ ഓർഗനൈസേഷനുകളുടെയും സാങ്കേതിക പിന്തുണയുടെയും വികസനം സംബന്ധിച്ച പദ്ധതി | 650.00 | |
| c | FPD പ്രോഗ്രാമിന് കീഴിലുള്ള സപ്ലൈ ചെയിൻ/വാല്യൂ ചെയിൻ വികസനവും സംയോജനവും സംബന്ധിച്ച സ്കീം | 500.00 | |
| 4 | നെല്ല് വികസനം | 9510.00 | കാർഷിക വിളകളായ നെല്ല്, പച്ചക്കറി, തെങ്ങ്, ഫലവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജന വിളകൾ, പുഷ്പകൃഷി, ഔഷധ സസ്യങ്ങൾ എന്നിവയുടെ ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി വിള വിസ്തൃതി വർദ്ധനവും വികസസനവും എന്ന സമീപനത്തിൽ ഉൾപ്പെടുത്തി 252.12 കോടി രൂപയുടെ പദ്ധതികൾ സംസ്ഥാനത്തു |
| 5 | പച്ചക്കറി വികസനം | 7045.00<br>2300.00 | |
| 6 | നാളികേര വികസനം | 6895.00 | |
| 7 | സുഗന്ധവ്യഞ്ജനങ്ങളുടെ വികസനം | 460.00 | |
| 8 | പഴങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം | 1892.00 | |
| | | | |

| | | | |
|---|---|---|---|
| 9 | വിള വൈവിധ്യകരണം വിള തീവ്രത അവതരണം ( പുതിയ സ്കീം ) | 300.00 | നടപ്പിലാക്കി വരുന്നു. ഉൽപ്പാദനക്ഷമത, സുസ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിനും പാരിസ്ഥിതിക സന്തുലിതാവസ്ഥ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണ് വിള വൈവിധ്യവൽക്കരണത്തിനുള്ള പദ്ധതി. ഇടവിളയായിട്ടോ, പ്രാഥമിക വിളയ്ക്ക് ശേഷമോ, അല്ലെങ്കിൽ പ്രധാന വിളയായിട്ടോ മറ്റു ഉയർന്ന മൂല്യമുള്ള വിളകളുടെ പ്രോത്സാഹനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കേരളത്തിലെ കാലാവസ്ഥയിലും മണ്ണിലും ചെറുധാന്യങ്ങൾ, ചെറുപയർ, ഉഴുന്ന് തുടങ്ങിയ പയർവർഗ്ഗങ്ങളും എള്ള്, നിലക്കടല തുടങ്ങിയ എണ്ണ വിത്തുകളും ആദായകരമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇവ നെല്ലിന്റെ കാലാനുസൃതമായ തരിശുനിലങ്ങളിലും തെങ്ങ് പോലുള്ള തോട്ടവിളകളുടെ ഇടവിളയായിട്ടും കൃഷി ചെയ്യാനും സാധിക്കും. |
| 10 | മണ്ണിന്റേയും വേരിന്റേയും ആരോഗ്യപരിപാലനവും ഉത്പാദനക്ഷമത മെച്ചപ്പെടുത്തലും | 550.00 | മണ്ണിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും തദ്വാരാ കൃഷിയിടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി കർഷകർക്കും കൃഷിയിടത്തിനും പിന്തുണ നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. |
| 11 | വിള ആരോഗ്യ മാനേജ്മെന്റ് | 1300.00 | ആവാസ വ്യവസ്ഥ സുസ്ഥിരമായി നിലനിർത്തുന്നതിനും ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും ഉതകുന്ന രീതിയിലുള്ള പരിപാലനമാർഗ്ഗങ്ങൾ കൊണ്ടുവരിക എന്നതാണ് വിളആരോഗ്യ പരിപാലനത്തിന്റെ സമീപനം. |
| 12 | ജൈവകൃഷിയും നല്ല കാർഷിക രീതികളും | 600.00 | സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യഉല്പാദനം നല്ല കൃഷി രീതികളിലൂടെ പ്രോത്സാഹിപ്പിക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം |
| 13 | ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും | 1525.00<br>200.00 | സംസ്ഥാനത്തെ കർഷകർക്ക് ആവശ്യമുള്ള അളവിൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ യഥാസമയം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം |
| 14 | വകുപ്പുതല ലബോറട്ടറികളുടെ നവീകരണം | 400.00 | കൃഷി വകുപ്പ് നൽകി വരുന്ന പ്രധാന സേവനങ്ങൾ മണ്ണ് പരിശോധന, വളങ്ങളുടെ പരിശോധന, കീടനാശിനി പരിശോധന, ഉല്പാദനോപാധികളുടെ ഗുണമേന്മ പരിശോധിക്കുന്നതിനായി വിത്ത് പരിശോധന എന്നിവയാണ്. പ്രസ്തുത ആവശ്യങ്ങൾ നിറവേറ്റുന്ന വകുപ്പ് തല ലബോറട്ടറികളുടെ പ്രവർത്തന സഹായമാണ് പ്രസ്തുത |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ ലക്ഷ്യം. |
| 15 | ഓഫീസ് ഓട്ടോമേഷനും ഐടി ഇൻഫ്രാസ്ട്രക്ചറും | 575.00 | |
| 16 | കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ | 3028.00 | കാർഷിക മേഖലയിലെ നൂതന സാങ്കേതികവിദ്യകൾ ഫലപ്രദമായി കൈമാറ്റം ചെയ്യുന്നതിനായി വിജ്ഞാന വ്യാപന സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനും മാനവവിഭവശേഷി വികസനത്തിനുമായി 3863.00 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നു. |
| 17 | കാർഷിക വിവരവും വിനിമയവും | 600.00 | |
| 18 | മാനവശേഷി വികസനം | 335.00 | |
| 19 | കാർഷിക യന്ത്രവൽക്കരണത്തിനുള്ള പിന്തുണ | 1181.00<br>800.00 | കാർഷിക മേഖലയിൽ വർധിച്ചുവരുന്ന കൂലിച്ചെലവ് ലഘൂകരിക്കുന്നതിനും ഉല്പാദന ചെലവ് കുറയ്ക്കുന്നതിനുമായി കാർഷിക യന്ത്രവത്കരണ പദ്ധതി നടപ്പിലാക്കി വരുന്നു. |
| 20 | സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി | 3000.00 | നഷ്ട സാധ്യത ലഘൂകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചും കർഷകർക്ക് തങ്ങളുടെ വിളയിൽ നിന്നും പ്രതീക്ഷിക്കുന്ന വരുമാനം ഉറപ്പ് വരുത്തുന്നതിനും പ്രകൃതിക്ഷോഭംമൂലം വിളനാശം ഉണ്ടായാൽ നഷ്ടപരിഹാരം നൽകുന്നതിനും സംസ്ഥാന വിള ഇൻഷുറൻസ്, പ്രകൃതിക്ഷോഭങ്ങൾ നേരിടുന്നതിനും കീടരോഗനിയന്ത്രണത്തിനുമുള്ള അടിയന്തിര നടപടി എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. |
| 21 | പ്രകൃതിദുരന്തങ്ങളും കീടങ്ങളും രോഗങ്ങളും നേരിടുന്നതിനുള്ള ആകസ്മിക പരിപാടി | 750.00 | |
| 22 | കുട്ടനാട്ടിലെ കാർഷിക മേഖലയുടെ വികസനം | 1700.00 | കുട്ടനാട് മേഖലയിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടിയും പരമ്പരാഗത ഊർജ്ജസ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനായി കാർഷിക മേഖലയിൽ സൗരോർജ്ജം ഉപയോഗപ്പെടുത്തുന്നതിന് പ്രോത്സാഹനം നൽകുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. |
| 23 | കാർഷിക ഉൽപന്നങ്ങളുടെ വിപണനത്തിനുള്ള പിന്തുണ | | കാർഷിക വിപണനം, സംഭരണം, വെയർഹൗസിംഗ്, വിളവെടുപ്പിന് ശേഷമുള്ള പരിപാലനത്തിനും മൂല്യവർദ്ധനവും എന്നിവയ്ക്കായി 7380.00 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| എ) | വിപണി വികസനം | 1290.00 | |
| ബി) | വിലസ്ഥിരതയ്ക്കുള്ള വിപണി ഇടപെടൽ പിന്തുണ | 2825.00 | |
| 24 | വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനയും | 2000.00 | |
| 25 | ഹോർട്ടികോർപ്പിലേക്ക് മൂലധനം പങ്കിടുക | 100.00 | |
| 26 | കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ സഹായം | | |
| എ) | ഗോഡൗൺ കം അഗ്രി | 100.00 | |

| | | | |
|---|---|---|---|
| ബി) | [illegible]ർമാണം | 10.00 | |
| 27 | കർഷക ക്ഷേമനിധി ബോർഡ് | 100.00 | കർഷകരുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ കൊണ്ടുവന്ന പുതിയ പദ്ധതിയാണ് കർഷകക്ഷേമനിധി ബോർഡ് |
| 28 | RIDF | 1000.00 | |
| 29 | സമുദ്ര നിരപ്പിന കീഴിലുള്ള കൃഷി സംബന്ധിച്ച കുട്ടനാട് അന്താരാഷ്ട്ര ഗവേഷണ പരിശീലന സ്ഥാപനം | 25.00 | |
| | **ആകെ** | **54746.00** | |

**കേന്ദ്രാവിഷ്കൃത പദ്ധതികൾ:**

| ക്രമ നം | പദ്ധതിയുടെ പേര് | ബജറ്റ് വിഹിതം (ലക്ഷം രൂപ ) |
|---|---|---|
| 1 | കൃഷോന്നതി യോജന - അംബ്രെല്ല സ്കീം- ജനറൽ വിഭാഗം - കേന്ദ്ര വിഹിതം | 2670 |
| 2 | കൃഷോന്നതി യോജന - അംബ്രെല്ല സ്കീം- ജനറൽ വിഭാഗം സംസ്ഥാന വിഹിതം | 1780 |
| 3 | കൃഷോന്നതി യോജന - അംബ്രെല്ല സ്കീം- എസ് സി പി - കേന്ദ്ര വിഹിതം | 300 |
| 4 | കൃഷോന്നതി യോജന - അംബ്രെല്ല സ്കീം-എസ് സി പി വിഭാഗം സംസ്ഥാന വിഹിതം | 200 |
| 5 | കൃഷോന്നതി യോജന - അംബ്രെല്ല സ്കീം- ടി എസ് പി വിഭാഗം - കേന്ദ്ര വിഹിതം | 30 |
| 6 | കൃഷോന്നതി യോജന - അംബ്രെല്ല സ്കീം- ടി എസ് പി വിഭാഗം - സംസ്ഥാന വിഹിതം | 20 |
| 7 | മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ്ഓഫ് ഹോർട്ടികൾച്ചർ - ജനറൽ വിഭാഗം - കേന്ദ്ര വിഹിതം. | 1602 |
| 8 | മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ്ഓഫ് ഹോർട്ടികൾച്ചർ - ജനറൽ വിഭാഗം സംസ്ഥാന വിഹിതം | 1068 |
| 9 | മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ്ഓഫ് ഹോർട്ടികൾച്ചർ - എസ് സി പി - കേന്ദ്ര വിഹിതം | 180 |
| 10 | മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ്ഓഫ് ഹോർട്ടികൾച്ചർ -എസ് സി പി വിഭാഗം സംസ്ഥാന വിഹിതം | 120 |
| 11 | മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ്ഓഫ് ഹോർട്ടികൾച്ചർ - ടി എസ് പി വിഭാഗം - കേന്ദ്ര വിഹിതം | 18 |
| 12 | മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ്ഓഫ് ഹോർട്ടികൾച്ചർ - ടി എസ് പി വിഭാഗം - സംസ്ഥാന വിഹിതം | 12 |
| 13 | സബ് മിഷൻ ഓൺ അഗ്രികൾച്ചർ മെക്കാനൈസേഷൻ - ജനറൽ വിഭാഗം - കേന്ദ്ര വിഹിതം. | 3738 |
| 14 | സബ് മിഷൻ ഓൺ അഗ്രികൾച്ചർ മെക്കാനൈസേഷൻ - ജനറൽ വിഭാഗം സംസ്ഥാന വിഹിതം | 2492 |
| 15 | സബ് മിഷൻ ഓൺ അഗ്രികൾച്ചർ മെക്കാനൈസേഷൻ | 420 |
| 16 | സബ് മിഷൻ ഓൺ അഗ്രികൾച്ചർ മെക്കാനൈസേഷൻ | 280 |

| | | |
|---|---|---|
| 17 | സബ് മിഷൻ ഓൺ അഗ്രികൾച്ചർ മെക്കാനൈസേഷൻ | 42 |
| 18 | സബ് മിഷൻ ഓൺ അഗ്രികൾച്ചർ മെക്കാനൈസേഷൻ - ടി എസ് പി വിഭാഗം - സംസ്ഥാന വിഹിതം | 28 |
| 19 | രാഷ്ട്രീയ കൃഷി വികാസ് യോജന | 4272 |
| 20 | രാഷ്ട്രീയ കൃഷി വികാസ് യോജന - ജനറൽ വിഭാഗം സംസ്ഥാന വിഹിതം | 2848 |
| 21 | രാഷ്ട്രീയ കൃഷി വികാസ് യോജന - എസ് സി പി - കേന്ദ്ര വിഹിതം | 480 |
| 22 | രാഷ്ട്രീയ കൃഷി വികാസ് യോജന -എസ് സി പി വിഭാഗം സംസ്ഥാന വിഹിതം | 320 |
| 23 | രാഷ്ട്രീയ കൃഷി വികാസ് യോജന- ടി എസ് പി വിഭാഗം - കേന്ദ്ര വിഹിതം | 48 |
| 24 | രാഷ്ട്രീയ കൃഷി വികാസ് യോജന - ടി എസ് പി വിഭാഗം - സംസ്ഥാന വിഹിതം | 32 |
| 25 | സബ് മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ- ജനറൽ വിഭാഗം - കേന്ദ്ര വിഹിതം. | 1495.2 |
| 26 | സബ് മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ - ജനറൽ വിഭാഗം സംസ്ഥാന വിഹിതം | 996.8 |
| 27 | സബ് മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ - എസ് സി പി - കേന്ദ്ര വിഹിതം | 168 |
| 28 | സബ് മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ -എസ് സി പി വിഭാഗം സംസ്ഥാന വിഹിതം | 112 |
| 29 | സബ് മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ - ടി എസ് പി വിഭാഗം - കേന്ദ്ര വിഹിതം | 16.8 |
| 30 | സബ് മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ - ടി എസ് പി വിഭാഗം - സംസ്ഥാന വിഹിതം | 11.2 |
| | ആകെ | 25800 |

# പാറശ്ശാല മണ്ഡലത്തിൽ കാർഷിക മേഖലയുടെ വികസനത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ ഭരണാനുമതി നൽകിയ പദ്ധതികൾ

| SL NO | പദ്ധതിയുടെ പേര് | അനുവദിച്ച തുക (lakh) 2021-22 | പദ്ധതിയുടെ നിലവിലെ സ്ഥിതി | പദ്ധതിയുടെ പേര് | അനുവദിച്ച തുക (lakh) 2022-23 | പദ്ധതിയുടെ നിലവിലെ സ്ഥിതി | പദ്ധതിയുടെ പേര് | അനുവദിച്ച തുക (lakh) 2023-24 | പദ്ധതിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|---|---|---|
| 1 | നെൽ കൃഷി വികസനം | 1.46663 | പൂർത്തീകരിച്ചു | നെൽ കൃഷി വികസനം | 0.9137 | പൂർത്തീകരിച്ചു | നെൽ കൃഷി വികസനം | 0.54801 | പൂർത്തീകരിച്ചു |
| 2 | ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് | 4.18165 | പൂർത്തീകരിച്ചു | ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് | 3.37164 | പൂർത്തീകരിച്ചു | ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് | 3.4791 | നടപ്പിലാക്കി വരുന്നു |
| 3 | ഡെവലപ്പ്മെന്റ് ഓഫ് സ്പൈസസ് | 5.7 | പൂർത്തീകരിച്ചു | ഡെവലപ്പ്മെന്റ് ഓഫ് സ്പൈസസ് | 1.041 | പൂർത്തീകരിച്ചു | ഡെവലപ്പ്മെന്റ് ഓഫ് സ്പൈസസ് | 2.172 | നടപ്പിലാക്കി വരുന്നു |
| 4 | കാർഷിക വിജ്ഞാന വ്യാപന ശക്തിപ്പെടുത്തൽ | 1.82391 | പൂർത്തീകരിച്ചു | കാർഷിക വിജ്ഞാന വ്യാപന ശക്തിപ്പെടുത്തൽ | 1.8408 | പൂർത്തീകരിച്ചു | കാർഷിക വിജ്ഞാന വ്യാപന ശക്തിപ്പെടുത്തൽ | 1.39468 | നടപ്പിലാക്കി വരുന്നു |
| 5 | സംസ്ഥാന വിള ഇൻഷ്വറൻസ് | 42.00025 | പൂർത്തീകരിച്ചു | അഗ്രോ സർവീസ് സെന്റർ & സർവീസ് ഡെലിവറി | 4.02031 | പൂർത്തീകരിച്ചു | അഗ്രോ സർവീസ് സെന്റർ & സർവീസ് ഡെലിവറി | 0.89193 | നടപ്പിലാക്കി വരുന്നു |
| 6 | അഗ്രോ സർവീസ് സെന്റർ & സർവീസ് ഡെലിവറി | 5.90301 | പൂർത്തീകരിച്ചു | പച്ചക്കറി വികസനം | 22.38919 | പൂർത്തീകരിച്ചു | സംസ്ഥാന വിള ഇൻഷ്വറൻസ് | 3.86944 | നടപ്പിലാക്കി വരുന്നു |
| 7 | പവർ താരിഫ് | 0.0746 | പൂർത്തീകരിച്ചു | പഴങ്ങളുടെ വികസനം | 2.83986 | പൂർത്തീകരിച്ചു | സൗജന്യ വൈദ്യുതി | 1.321 | പൂർത്തീകരിച്ചു |
| 8 | പച്ചക്കറി വികസനം | 38.20328 | പൂർത്തീകരിച്ചു | ഓണം സമൃദ്ധി | 7.15 | പൂർത്തീകരിച്ചു | പച്ചക്കറി വികസന | 21.34158 | നടപ്പിലാക്കി വരുന്നു |
| 9 | ഡെവലപ്പ്മെന്റ് ഓഫ് ഫ്രൂട്ട്സ് | 8.42658 | പൂർത്തീകരിച്ചു | ഓർഗാനിക് ഫാമിംഗ് | 0.8625 | പൂർത്തീകരിച്ചു | പഴങ്ങളുടെ വികസനം | 6.04507 | നടപ്പിലാക്കി വരുന്നു |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 10 | ഓണം സമൃദ്ധി | 7.15 | പൂർത്തീകരിച്ചു | നാളികേര വികസനം | 3.40313 | പൂർത്തീകരിച്ചു | ഓണം സമൃദ്ധി | 0.75894 | പൂർത്തീകരിച്ചു |
| 11 | സോയിൽ ഹെൽത്ത് മാനേജ്മെന്റ് | 0.432 | പൂർത്തീകരിച്ചു | ലബോറട്ടറികളുടെ ആധുനീകരണം | 0.22663 | പൂർത്തീകരിച്ചു | ഓർഗാനിക് ഫാമിംഗ് | 1.2075 | നടപ്പിലാക്കി വരുന്നു |
| 12 | ഓർഗാനിക് ഫാമിംഗ് | 2.9 | പൂർത്തീകരിച്ചു | ഓഫീസ് ആട്ടോമേഷനും ഐ.റ്റി സാങ്കേതിക വിദ്യയും | 0.8869 | പൂർത്തീകരിച്ചു | നാളികേര വികസനം | 6.1064 | നടപ്പിലാക്കി വരുന്നു |
| 13 | ഡെവലപ്പ്മെന്റ് ഓഫ് ട്യൂബർ ആൻഡ് പ്ലൾസ് | 0.51 | പൂർത്തീകരിച്ചു | കൃഷി പാഠശാല | 0.338 | പൂർത്തീകരിച്ചു | ലബോറട്ടറികളുടെ ആധുനീകരണം | 0.0417 | നടപ്പിലാക്കി വരുന്നു |
| 14 | നാളികേര വികസനം | 0.65842 | പൂർത്തീകരിച്ചു | ഫാം പ്ലാൻ അടിസ്ഥാനമാക്കിയുള്ള വികസന സമീപനങ്ങൾ | 0.338 | പൂർത്തീകരിച്ചു | ഓഫീസ് ആട്ടോമേഷനും ഐ.റ്റി സാങ്കേതിക വിദ്യയും | 0.19512 | നടപ്പിലാക്കി വരുന്നു |
| 15 | ഇൻറേൺഷിപ്പ് കൃഷിഭവൻ | 0.38666 | പൂർത്തീകരിച്ചു | ATMA | 4.88812 | പൂർത്തീകരിച്ചു | ഫാം പ്ലാൻ അടിസ്ഥാനമാക്കിയുള്ള വികസന സമീപനങ്ങൾ | 3.20452 | നടപ്പിലാക്കി വരുന്നു |
| 16 | ലബോറട്ടറികളുടെ ആധുനീകരണം | 0.39035 | പൂർത്തീകരിച്ചു | SHM | 10.5975 | പൂർത്തീകരിച്ചു | ATMA | 6.18586 | നടപ്പിലാക്കി വരുന്നു |
| 17 | ഓഫീസ് ആട്ടോമേഷനും ഐ.റ്റി സാങ്കേതിക വിദ്യയും | 1.30551 | പൂർത്തീകരിച്ചു | BPKP | 6.17667 | പൂർത്തീകരിച്ചു | SHM | 11.36115 | നടപ്പിലാക്കി വരുന്നു |
| 18 | കൃഷി പാഠശാല | 0.344 | പൂർത്തീകരിച്ചു | സോയിൽ ഹെൽത്ത് മാനേജ്മെന്റ് | 0.108 | പൂർത്തീകരിച്ചു | BPKP | 4.915 | നടപ്പിലാക്കി വരുന്നു |
| 19 | പരമ്പരാഗത വിത്തുകളുടെ പ്രോത്സാഹനവും സംരക്ഷണവും- നെല്ല് Germs സംരക്ഷണം | 0.04 | പൂർത്തീകരിച്ചു | Market net | 0.25 | പൂർത്തീകരിച്ചു | ബയോഗ്യാസ് പ്ലാൻറ് | 0.08 | നടപ്പിലാക്കി വരുന്നു |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| 20 | ATMA | 3.74 | പൂർത്തീകരിച്ചു | പവർ താരിഫ് | 0.83821 | പൂർത്തീകരിച്ചു | CDB scheme | 0.40215 | നടപ്പിലാക്കി വരുന്നു |
| 21 | SHM | 26.22019 | പൂർത്തീകരിച്ചു | ജനകീയാ സൂത്രണം | 194.1045 | പൂർത്തീകരിച്ചു | RKVY | 0.04 | നടപ്പിലാക്കി വരുന്നു |
| 22 | BPKP | 11.42 | പൂർത്തീകരിച്ചു | | | | ജനകീയാ സൂത്രണം | 58.47 | നടപ്പിലാക്കി വരുന്നു |
| 23 | പ്രകൃതിക്ഷോഭം | 27.96441 | പൂർത്തീകരിച്ചു | | | | | | |
| 24 | RKVY ഭരണപരമായ ചിലവ് | 0.773 | പൂർത്തീകരിച്ചു | | | | | | |
| 25 | ജനകീയാ സൂത്രണം | 73.73409 | പൂർത്തീകരിച്ചു | | | | | | |
| | **Total** | 265.74854 | | | 266.58466 | | | 134.03115 | |

## അനുബന്ധം-3

| ക്രമ നം. | പദ്ധതി | അടങ്കൽ തുക | ഗ്രാമ പഞ്ചായത്ത് | പ്രവർത്തനങ്ങൾ | ഭൗതിക പുരോഗതി (ഹെക്ടർ) | സാമ്പത്തിക പുരോഗതി | നിലവിലെ സ്ഥിതി | നേട്ടം (%) |
|---|---|---|---|---|---|---|---|---|
| 1 | കളിവിളാകം (RIDF XXI) | 13000000/- | അമ്പൂരി | കല്ല് കയ്യാല, മഴക്കുഴി, കിണർ നിർമ്മാണം, റബ്ബർ തടം, പാർശ്വഭിത്തി, തടയണ | 260 | 8032782/- | 30.09.2023 ൽ പൂർത്തീകരിച്ചു | 61.74 |
| 2 | ചിലമ്പറത്തോട് (RIDF XXII) | 9800000/- | വെള്ളറട | കല്ല് കയ്യാല, മഴക്കുഴി, കിണർ നിർമ്മാണം, റബ്ബർ തടം പാർശ്വഭിത്തി സംരക്ഷണം | 147 | 5334408/- | 30.09.2023 ൽ പൂർത്തീകരിച്ചു | 54.43 |
| 3 | പാൽക്കുളങ്ങര (RIDF XXV) | 9971000/- | പെരുങ്കടവിള | കല്ല് കയ്യാല, റബ്ബർ തടം, തടയണ, മഴക്കുഴി, തെങ്ങിൻതടം, ഫലവൃക്ഷതൈ വിതരണം, കിണർ നിർമ്മാണം, കിണർ നവീകരണം, കിണർ റീച്ചാർജ്ജ്, പാർശ്വഭിത്തി സംരക്ഷണം | 222 | 6771343 | പുരോഗമിച്ചു വരുന്നു. | 67.58 |